# പോളിയോമരുന്ന് തൃപ്തികരമല്ല

രാജ്യമെങ്ങും നടത്തിവരുന്ന പോളിയോ പ്രതിരോധപരിപാടിയുടെ ഭാഗമായി നൽകിവരുന്ന പ്രതിരോധമരുന്നിൻെറ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയതിൽ 6.5 ശതമാനം സാമ്പിളുകൾ തൃപ്തികരമല്ലാത്തതായി കാണപ്പെട്ടുവെന്ന് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമമന്ത്രി ഡോ. സി.പി. ഠാക്കൂർ അറിയിച്ചു. കേരളം, തമിഴ്നാട്, പോണ്ടിച്ചേരി, ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഹരിയാന, ഗുജറാത്ത്, ഡെൽഹി എന്നീ സംസ്ഥാനങ്ങളിൽ നിന്നു ശേഖരിച്ച 3653 സാമ്പിളുകൾ പരീക്ഷിച്ചപ്പോഴാണ് അവയിൽ 235 എണ്ണം തൃപ്തികരമല്ല എന്നു കണ്ടെത്തിയത്.

നോയ്ഡയിലെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് അവിടെ പരിശോധനയ്ക്കു വിധേയമാക്കിയ 48 സാമ്പിളുകളിൽ 20 എണ്ണവും തൃപ്തികരമല്ലായിരുന്നു. അക്കാര്യം അന്വേഷിക്കാൻ നടപടിയെടുത്തതായി മന്ത്രി അറിയിച്ചു.

മരുന്നു ഫലിക്കുകയോ ഫലിക്കാതിരിക്കുകയോ ചെയ്യട്ടെ, പ്രതിരോധയജ്ഞം മുന്നോട്ട് എന്നതാണ് ഇക്കാര്യത്തിൽ സർക്കാരിൻെറ നിലപാട്.